# കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ

## ഫിലിപ്പിയർ 4:4

"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു."

പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിന്റെ ഉള്ളടക്കം കഷ്ടതയിലും സന്തോഷിക്കുക എന്നതാണെന്ന് നമുക്ക് കാണുവാൻ കഴിയും. ലോകപ്രകാരം നോക്കിക്കഴിഞ്ഞാൽ ഒരുപക്ഷെ ഈ ആശയവുമായി ഒരിക്കലും പൊരുത്തപ്പെട്ടു പോകുവാൻ സാധിച്ചെന്നു വരില്ല. പക്ഷെ ഒരു യഥാർത്ഥ ദൈവ പൈതലിനെ സംബന്ധിച്ചിടത്തോളം തന്റെ കഷ്ടതയിലും സന്തോഷിക്കുവാൻ സാധിക്കണം എന്ന് പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനു തക്കതായ വചനങ്ങളും ഈ ലേഖനത്തിൽ തന്നെ അടിവരയിട്ടു നമ്മെ ഓർമ്മിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്. ഫിലിപ്പിയർ 1:29 ൽ നാം ഇപ്രകാരം വായിക്കുന്നു, 'ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നു വേണ്ടി കഷ്ടമനുഭവിപ്പാൻ കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു.' വചനപ്രകാരം നാമെല്ലാവരും പലതരത്തിലുള്ള ആത്മീയ വരങ്ങളെക്കുറിച്ച് വളരെയധികം ബോധവാന്മാരായിരിക്കും എന്നാൽ ഇത്തരത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും അതോടൊപ്പം നൽകപ്പെട്ടിരിക്കുന്ന ഈ വരത്തെക്കുറിച്ച് നാം എന്നെങ്കിലും തിരിച്ചറിഞ്ഞിട്ടുണ്ടോ?

പ്രിയരേ, ക്രിസ്തീയജീവിതം എന്നു പറയുന്നത് മാനുഷികമായി നോക്കിക്കഴിഞ്ഞാൽ വളരെ സങ്കീർണ്ണതകൾ നിറഞ്ഞതായിരിക്കും. അവിടെയാണ് ജീവിതത്തിൽ ഒരു കഷ്ടത കടന്നു വരുമ്പോൾ ഒരുപക്ഷെ ദൈവം സഹായത്തിനില്ല എന്നു പറഞ്ഞ് പലരും പാതിവഴിയിൽ തങ്ങളുടെ വിശ്വാസം ത്യജിച്ചു കളയുന്നത്. എന്നാൽ ആ ജീവിതത്തിൽ കർത്താവിനോടൊപ്പം ചേർന്ന് നിന്ന് അവനാൽ നാം നയിക്കപ്പെടുമ്പോൾ അത് വളരെ ലളിതവുമായിരിക്കും. അപ്പോൾ ഈ കഷ്ടതകളൊന്നും നമുക്ക് ഭാരമായി ഒരിക്കലും തോന്നുകയില്ല. റോമർ 8:17 ൽ ഇപ്രകാരം വായിക്കുന്നു, 'നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ.' നാം ദൈവമക്കൾ എന്നും, ആയതിന്റെ അവകാശങ്ങളും പലപ്പോഴും നേടിയെടുക്കാൻ വളരെ തത്രപ്പെട്ട് പരിശ്രമിക്കുന്നവരാണ്. എന്നാൽ ക്രിസ്തുവിനു കൂട്ടവകാശികളായ നമുക്ക് അവനോടു കൂടെ കഷ്ടമനുഭവിക്കുവാനുള്ള വരം പിതാവാം ദൈവം നൽകിത്തന്നിരിക്കുമ്പോൾ അതിനായി നാം എത്രമാത്രം വാഞ്ചിക്കുന്നുണ്ട്.

പ്രിയ ദൈവപൈതലേ, ഇന്ന് നമ്മുടെ ജീവിതം ഒരുപക്ഷെ വളരെ സുഗമമായി പോയിക്കൊണ്ടിരിക്കുകയാവാം അല്ലെങ്കിൽ ചിലപ്പോൾ വളരെ സങ്കീർണ്ണതകൾ നിറഞ്ഞ് ജീവിച്ചു കൊണ്ടിരിക്കുകയാവാം. എന്തു തന്നെയായിക്കൊള്ളട്ടെ, ഒരുനിമിഷം പൗലോസ് എന്ന വ്യക്തിയിലേക്കൊന്ന് നാം നോക്കണം, ക്രിസ്തുവിനെ അറിഞ്ഞതുമുതൽ തന്റെ ജീവിതം അവന്നു വേണ്ടി ഉഴിഞ്ഞു വെച്ചവനായ പൗലോസ് ഈ ലേഖനത്തിൽ നമ്മെ വളരെ വ്യക്തമായി ബോധ്യപ്പെടുത്തുന്ന ഒന്നാണ് തനിക്ക് ജീവിതത്തിൽ ഉണ്ടായിരുന്ന നിത്യമായ കാഴ്ചപ്പാട് എന്നത്. ആ കാഴ്ചപ്പാടിൽ നിന്നു കൊണ്ടാണ് റോമാ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നത് 'നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു' എന്ന്. ആയതിന്റെ ഫലപ്രാപ്തിയിൽ തന്റെ മരണക്കിടക്കയിൽ 'താൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു' എന്ന ഉറപ്പ് പ്രാപിച്ചാണ് പൗലോസ് ഈ ലോകത്ത് നിന്ന് കടന്നു പോയത്.

അങ്ങനെയെങ്കിൽ നമ്മുടെ ജീവിതത്തെ ആകമാനം ഒന്നു ശോധന ചെയ്തു നോക്കാം. നാം ഇന്നായിരിക്കുന്ന ഏതൊരവസ്ഥയ്ക്കും കാരണഭൂതൻ നമ്മുടെ കർത്താവാണ് എന്ന് ഉറയ്ക്കാം. അവനു നമ്മുടെ ജീവിതത്തിന്മേൽ നിയന്ത്രണം ഉണ്ടെന്ന് പരിപൂർണ്ണമായി വിശ്വസിക്കാം. അത് ഏത് അനുഭവമായാലും നമുക്ക് ശുഭഭാവി വരുവാൻ വേണ്ടിയാണെന്ന് ദൈവവചനത്താൽ ഉറപ്പു പ്രാപിക്കാം. ജീവിതത്തിൽ കഷ്ടങ്ങളും നഷ്ടങ്ങളും ഏറിവരുമ്പോഴും ഞാൻ ഭാഗ്യവാൻ ആണെന്നും അതു എനിക്കു വേണ്ടി കഷ്ടങ്ങളേറ്റ കർത്താവോടു കൂട്ടാളിയായി തീരുന്നതിന്നു വേണ്ടിയാണെന്നും ഈ ലോകത്തോട് വിളിച്ചു പറയാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**
ഫിലിപ്പിയർ 3:1
ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ

ബ്രദർ. ബിനു ബേബി ആലപ്പുഴ 187